"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ/അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/പേഴ്സണൽ അസിസ്റ്റന്റ് തസ്തികകളിൽ പുനർനിയമന വ്യവസ്ഥയിൽ നിയമിതരായവരുടെ നിയമന കാലാവധി ദീർഘിപ്പിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ജനറൽ) വകുപ്പ്

സ.ഉ.(കൈ) നം.10/2026/P&ARD തീയതി,തിരുവനന്തപുരം, 04-03-2026

പരാമർശം:-

1. 05.07.2025 തീയതിയിലെ സ.ഉ.(സാധാ) നം.220/2025/പിആന്റ്എആർഡി.
2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 15.10.2025 തീയതിയിലെ 301/2021/KAT/Admn നമ്പർ കത്ത്.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ/അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/പേഴ്സണൽ അസിസ്റ്റന്റ് തസ്തികകളിൽ പുനർനിയമന വ്യവസ്ഥയിൽ നിയമിതരായ ശ്രീ.ഉണ്ണിനാരായണൻ വി.കെ.(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്), ശ്രീമതി കെ.ശോഭനകുമാരി (പേഴ്സണൽ അസിസ്റ്റന്റ്), ശ്രീ.കിഷോർ സി.വി. (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) എന്നീ ജീവനക്കാരുടെ പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നല്കിയിരുന്ന പുനർ നിയമന കാലാവധി യഥാക്രമം 05.10.2025, 08.10.2025, 31.10.2025 തീയതികളിൽ അവസാനിക്കുന്നതിനാൽ, പ്രസ്തുത ജീവനക്കാരുടെ അതാത് തസ്തികകളിലെ പുനർനിയമന കാലാവധി ദീർഘിപ്പിച്ച നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചെയർമാൻ/അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/പേഴ്സണൽ അസിസ്റ്റന്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഉണ്ണിനാരായണൻ വി.കെ.(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്), ശ്രീമതി കെ.ശോഭനകുമാരി(പേഴ്സണൽ അസിസ്റ്റന്റ്), ശ്രീ.കിഷോർ സി.വി. (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) എന്നിവരുടെ നിലവിലെ പുനർനിയമന കാലാവധി, ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റാഫ് (റിക്രൂട്ട്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) റൂൾസ്, 2019 പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/പേഴ്സണൽ അസിസ്റ്റന്റ് തസ്തിക പി.എസ്.സി മുഖേന നികത്തുന്നതുവരെയോ അല്ലെങ്കിൽ തുടർ ഉത്തരവ് വരെയോ, ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി യഥാക്രമം 06.10.2025, 09.10.2025, 01.11.2025 മുതൽ ദീർഘിപ്പിച്ച് നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി 'ഭാവിയിൽ ഇത്തരത്തിൽ പുനർനിയമനം അനുവദിക്കുന്നതല്ലായെന്നും പകരം ആവശ്യമെങ്കിൽ കരാർ വ്യവസ്ഥയിലുള്ള നിയമനം നടത്തേണ്ടതാണെന്നുമുള്ള' കർശന നിർദ്ദേശത്തിന് വിധേയമായി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31/12/2025 -ലെ 3349062/EXP-B4/124/2025-FIN നമ്പർ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (GENL-2/64/2025-PandARD)

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
സെക്ഷൻ ഓഫീസർ
Date: 05-03-2026 10:29:15